14
2024
ആഗസ്റ്റ്
ബുധൻ
കർക്കിടകം 30

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.240 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-240 | പേജ് 4. വില 2.00 രൂപ




02 ആരോഗ്യ രംഗത്ത് ലോകത്തിന് മാതൃകയായ വ്യക്തിയാണ് ഡോ. എം.എസ് വല്യത്താൻ

03 വനിതാ ഡോക്ടറുടെ കൊലപാതകം: സമരം തുടരുന്നു, പ്രിൻസിപ്പൽ രാജിവെച്ചു

04 ഓഗസ്റ്റ് 21ന് ദളിത് സംഘടനകളുടെ സംസ്ഥാന ഹർത്താൽ

# ക്രൂ ചെയിംഞ്ചിന് കപ്പലെത്തി; ക്രൂവിനെ ഇറക്കാൻ ടഗ്ഗ് വന്നില്ല

## ● സമയോചിതമായി ഇടപെടാതെ മാരിടൈം ബോർഡ് ചെയർമാനും സിഇഒ യും



വിഴിഞ്ഞം : കേരളാ മാരിടൈം മേഖലയിലെ വികസനസൂചികയിൽ പ്രഥമ സ്ഥാനം ഉണ്ടായിരുന്നതും കേരളസർക്കാരിന്റെ അധീനതയിലുള്ളതുമായ വിഴിഞ്ഞം മൈനർ തുറമുഖത്തെ നിറംകെടുത്തുന്ന നടപടി കേരള മാരിടൈം ബോർഡ് അധികൃതരിൽ നിന്നും ഉണ്ടായിരിക്കുന്നു.ഇക്കഴിഞ്ഞയാഴ്ച രോഗാവസ്ഥയിലായ കപ്പൽ ജീവനക്കാരനെ അടിയന്തിരമായി ക്രൂചെയിംഞ്ചു നടത്തുവാൻ കേരള മാരിടൈം ബോർഡ് അധികൃതർക്കു സന്ദേശം ലഭിച്ചതോടെയാണ് വിചിത്രമായ നടപടികളുടെ തുടക്കം.പ്രമുഖ ഷിപ്പിംഗ് കമ്പനിയായ ജെ.എം ബാക്സി ആൻഡ് കമ്പനിയുടെ ഏജൻസിയിൽ വന്ന 'എം.ടി സാൻമാർ ഫ്ളൈയിംഗ് ബേർഡ്' എന്ന ഇൻഡ്യൻ പതാക വഹിക്കുന്ന കപ്പലിൽ നിന്നുമായിരുന്നു സന്ദേശമെത്തിയത്.ഇതിന്റെ അടിസ്ഥാനത്തിൽ കസ്റ്റംസ് ഇമിഗ്രേഷൻ നടപടികൾക്ക് ബോർഡ് നിർദ്ദേശം നൽകുകയും കപ്പൽ വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ഔട്ടർ ആങ്കറേജിൽ എത്തി നങ്കൂരമിടുകയും ചെയ്തു.എന്നാൽ ക്രൂ ചെയിംഞ്ചു നടത്തേണ്ട ടഗ്ഗ് തകരാറിലാണന്നും മറ്റൊന്നു വാടകയ്ക്ക് എടുത്താൽ മാത്രമേ ക്രൂചെയിംഞ്ച് സാധ്യമാകൂ എന്ന നിലയിലായിരുന്നു കേരള മാരിടൈം ബോർഡിന്റെ അവസ്ഥ.രോഗാവസ്ഥയിലായ രാഹൂൽ യാദവ്എന്ന കപ്പൽ ജീവനക്കാരനെ അടിയന്തിരമായി ഡിസ്എംബാർക്ക് ചെയ്ത് ആശുപത്രിയിലെത്തിക്കേണ്ട ദൗത്യം നീണ്ടുപോയി.

ബോർഡിന് സ്വന്തമായി 'ധ്വനി' എന്നു പേരുള്ള ടഗ്ഗ് സ്വന്തമായയുണ്ട്. പത്തോളം ജീവനക്കാരും ഈ ഇനത്തിൽ ബോർഡിൽ നിന്നും ലക്ഷക്കണക്കിനു രൂപാ ശമ്പളം പറ്റുന്നുണ്ട്.പ്രവർത്തിപ്പിക്കാതെ മാസങ്ങൾ അനക്കമറ്റു കിടന്ന ടഗ്ഗ് പ്രവർത്തനരഹിതമായി.ടഗ്ഗിന്റെ ഇൻഷ്വറൻസ് പരിരക്ഷയും മുടക്കിയിരിക്കുന്നു. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നപ്പോൾ നിർത്തലാക്കിയ ക്രൂ ചെയിംഞ്ച് ലോകത്തെല്ലാം പുനരാരംഭിച്ചപ്പോഴും വിഴിഞ്ഞം മൈനർ തുറമുഖത്തിന് അനുമതി കിട്ടിയിരുന്നില്ല.നീണ്ട നിയമ പോരാട്ടങ്ങൾക്കൊടുവിൽ ക്രൂ ചെയിംഞ്ച് പുനരാരംഭിച്ചപ്പോൾ വന്ന കൈനീട്ടമാണ് അധികൃതർ തന്നെ ഇല്ലാതാക്കിയത്.ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ട്രോളിംഗ് ബോട്ടുകൾ വടകയ്ക്ക് എടുത്തും ,മുംബയിൽ നിന്നും ടഗ്ഗുകൾ വടകയ്ക്കു കൊണ്ടുവന്നു വിജയകരമായി ക്രൂ ചെയിഞ്ചു നടത്തിയിരുന്നു.തുടർന്നാണ് കോടികൾ മുടക്കി ധ്വനി എന്ന ടഗ്ഗ് ബോർഡ് സ്വന്തമാക്കിയത്.ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ബോർഡ് നടത്തിയപ്രവർത്തനവും നേട്ടങ്ങളുടെയും നിറം കെടുത്തുന്ന നടപടികളിൽ അവസാനത്തേതാണ് ചെയർമാനും,സിഇഓ യും ഉൾപ്പെട്ട ബോർഡ് അധികൃതർ വിഴിഞ്ഞത്തെ ഔട്ടർ ആങ്കറേജിൽ നടത്തിയത്.

കപ്പലിൽ നിന്നും ക്രൂവിനെ ഇറക്കുവാൻ അസൗകര്യം നേരിട്ടപ്പോൾ ഗൗരവമായി അതിലിടപെടുകയും അടിയന്തിര ഘട്ടത്തിൽ മറ്റൊരു ടഗ്ഗ് ഏർപ്പെടുത്തണമെന്ന ആവിശ്യത്തിന് ബോർഡ് ചെയർമാനും,സിഇ ഓയും പ്രതികരിച്ചില്ലന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.തുടർന്ന് അദാനി പോർട് അധികൃതരുമായി ഷിപ്പിംഗ് ഏജൻസി ബന്ധപ്പെട്ടു ടഗ്ഗ് ആവിശ്യപ്പെട്ടെങ്കിലും കടൽ റഫ് ആയതു കൊണ്ട് കടലിലേക്ക് അയക്കുവാൻ കഴിയില്ലന്നും അവർ അറിയിച്ചു. കപ്പൽ ബ്രേക്ക് വാട്ടർ മേഖലയിലേക്കു അടുപ്പിച്ചു കൊണ്ടുവന്ന് മുന്നു ടഗ്ഗുകളുടെയും മറ്റെല്ലാ സജ്ജീകരങ്ങളോടെയും രാഹൂൽ യാദവ് എന്ന ക്രൂവിനെ അദാനി പോർട്ടിന്റെ ടഗ്ഗിലേക്കു ഡിസ്സ്എംബർക്ക് ചെയ്തു.തുടർന്നു സജ്ജമാക്കിയിരുന്ന ആമ്പുലൻസിൽ ആശുപത്രിയിലെത്തിച്ചു.ഇവിടെ കസ്റ്റംസ്,എമിഗ്രേഷൻ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടുണ്ടോ എന്നതും വിമർശന വിധേയമാണ്.

ഷിപ്പിംഗ് കമ്പനിക്ക് കേവലം അറുപതിനായിരം രൂപക്ക് വിഴിഞ്ഞം മൈനർ തുറമുഖത്തു പൂർത്തിയാക്കേണ്ട ക്രൂ ചെയിംഞ്ചിനു വൻകിട ട്രാൻഷിപ്മെന്റ് തുറമുഖത്തേക്കു മാറിയപ്പോൾ ചെലവായത് അഞ്ചു ലക്ഷത്തോളമാണ്.ഉദ്യോഗസ്ഥകെടു കാര്യസ്ഥതയും അലംഭാവവും വളർച്ചയെ പിന്നോട്ടടിക്കുന്ന സമീപനവുമാണ് ഈ സംഭവത്തിൽ കേരള മാരിടൈംബോർഡ് അധികൃതരിൽ നിന്നുമുണ്ടായത്.

ചെലവു കുറഞ്ഞതും,ലളിതവുമായ ക്രൂ ചെയിഞ്ചെന്ന വിഴിഞ്ഞം മൈനർ തുറമുഖത്തിന്റെ ആകർഷണവും സൽപേരുമാണ് ബോർഡ്ചെയർമാന്റെയും,സിഇ ഓ യുടെയും നടപടിയിലൂടെ നഷ്ടമായത്.

## മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം: സർക്കാരിനു കോടതി നോട്ടീസ്

കൊച്ചി: മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ സർക്കാരിനു നിർദേശം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ പൊതുതാത്പര്യ ഹർജിയിൽ ഹൈക്കോടതി സർക്കാരിന് നോട്ടീസയച്ചു. ആക്ടിംഗ് ചീഫ് ജസ്റ്റീസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റീസ് ശോഭ അന്നമ്മ ഈപ്പൻ എന്നിവരെ അടങ്ങിയ ഡിവിഷൻ ബെഞ്ചാണ് നോട്ടീസ് അയച്ചത്.

കഴിഞ്ഞ ആറു മാസമായി 10, 20, 100 രൂപ മുദ്രപ്പത്രങ്ങൾ കേരളത്തിൽ കിട്ടാനില്ലെന്നു ഹർജിക്കാരനായ അഡ്വ. പി. ജ്യോതിഷ് ചൂണ്ടിക്കാട്ടി. ഇതുമൂലം വാടകക്കരാർ, ജനനമരണ സർട്ടിഫിക്കറ്റുകൾ, അവാർഡുകൾ, ബോണ്ടുകൾ, സെയിൽ സർട്ടിഫിക്കറ്റ് തുടങ്ങിയ 50, 100 വിലയുള്ള മുദ്രപ്പത്രങ്ങൾ ഉപയോഗിക്കേണ്ടിടത് 500 രൂപയുടെയും 1,000 രൂപയുടെയും മുദ്രപ്പത്രങ്ങൾ ഉപയോഗിക്കാൻ ആവശ്യക്കാർ നിർബന്ധിതരാവുകയാണ്. ഇത് സാധാരണ ജനങ്ങൾക്ക് അധിക ബാധ്യത വരുത്തിവയ്ക്കുന്നു. നിലവിൽ ഒരു ലക്ഷത്തിനു മുകളിൽ മുദ്രപ്പത്രങ്ങൾ (നോൺജുഡീഷൽ) ഇടപാടുകാർക്ക് ഇസ്റ്റാമ്പ് പേപ്പറായി ലഭിക്കുന്നതാണ്. ഈ സാഹചര്യത്തിൽ 20, 50, 100 വിലയുള്ള ഇസ്റ്റാമ്പ് പേപ്പറുകൾ സർക്കാർ ലഭ്യമാക്കുന്നതിൽ മറ്റ് നിയമതടസങ്ങൾ ഇല്ലെന്നും ഹർജിയിൽ പറയുന്നു. ഇസ്റ്റാമ്പ് പേപ്പർ ഉടനടി നടപ്പിലാക്കാനും അതുവരെ ചെറിയ വിലയുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടർക്ക് നിർദേശം നല്കണമെന്നുമാണ് ഹർജിയിലെ ആവശ്യം.

## ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നതിൽ സർക്കാരിന് എതിർ അഭിപ്രായമില്ല: കെ.കെ. ശൈലജ

കണ്ണൂർ: ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടുന്നതിൽ സർക്കാരിന് ഒരു എതിർ അഭിപ്രായവും ഇല്ലെന്ന് സിപിഎം നേതാവ് കെ.കെ. ശൈലജ. റിപ്പോർട്ട് പുറത്തുവിടുന്നതിന് യാതൊരു നിയമതടസവും ഇല്ലെങ്കിൽ അത് പുറത്തു വിടുക തന്നെ ചെയ്യണമെന്നാണ് സർക്കാരിന്റെയും തീരുമാനമെന്ന് ശൈലജ പറഞ്ഞു.

സ്ത്രീകൾക്കെതിരെ ഒരു ആക്രമണവും നടക്കരുതെന്നാണ് ആഗ്രഹം. റിപ്പോർട്ട് മുഴുവനായി പുറത്തു വിടണമെന്നാണ് കോടതി പറയുന്നതെങ്കിൽ അത് അങ്ങിനെ തന്നെ വേണമെന്നാണ് സർക്കാരിന്റെ വാദം. സർക്കാർ ഇതിനകത്ത് ആരെയും സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ലെന്ന് കെ.കെ. ശൈലജ വ്യക്തമാക്കി.

സർക്കാരിന് ഈ കാര്യത്തിൽ ഒരു ഭയവുമില്ല. സർക്കാർ എപ്പോഴും സിനിമാ മേഖലയിലെ പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കൊപ്പമാണ്. സിനിമാ മേഖലയിൽ സ്ത്രീകൾക്ക് പ്രശ്നമുണ്ടെങ്കിൽ പരാതി പറയാനുള്ള ഒരു കമ്മിറ്റി വേണമെന്ന് സർക്കാർ അറിയിച്ചിരുന്നുവെന്നും ശൈലജ പറഞ്ഞു.

## ഹിൻഡൻബർഗ് വെളിപ്പെടുത്തൽ; രാജ്യവ്യാപക പ്രതിഷേധവുമായി കോൺഗ്രസ്

ന്യൂഡൽഹി: ഹിൻഡൻബർഗ് വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ രാജ്യവ്യാപക പ്രതിഷേധവുമായി കോൺഗ്രസ്. ഓഗസ്റ്റ് 22ന് രാജ്യവ്യാപക പ്രതിഷേധം സംഘടിപ്പിക്കുമെന്ന് കോൺഗ്രസ് പ്രഖ്യാപിച്ചു.

സെബി മേധാവി മാധബി പുരി ബുച്ചിന് അദാനിഗ്രൂപ്പിന് പങ്കാളിത്തമുള്ള വിദേശകമ്പനികളിൽ രഹസ്യനിക്ഷേപമുണ്ടെന്നാണ് ഹിൻഡൻബർഗി പുതിയ വെളിപ്പെടുത്തൽ. ആരോപണം സംയുക്ത പാർലമെൻററി സമിതി അന്വേഷിക്കണമെന്നും സെബി മേധാവിയെ പുറത്താക്കണമെന്നും കോൺഗ്രസ് ആവശ്യപ്പെട്ടു.

രാജ്യത്തെ എല്ലാ ഇഡിഓഫീസുകളിലേക്കും മാർച്ച് അടക്കം നടത്തിയാകും കോൺഗ്രസിന്റെ പ്രതിഷേധം. പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് പ്രതിഷേധം നടത്താൻ തീരുമാനിച്ചത്.

## ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരേയുള്ള നീക്കം അനുവദിക്കില്ല: കത്തോലിക്ക കോൺഗ്രസ്

കൊച്ചി: പൊതുസമൂഹത്തിനു മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്ന ക്രൈസ്തവ സ്ഥാപനങ്ങളെ തീവ്ര മതതാത്പര്യങ്ങൾക്കുള്ള വേദിയാക്കി മാറ്റാനുള്ള ഗൂഢവും നിരന്തരവുമായ ശ്രമം അനുവദിക്കില്ലെന്നു കത്തോലിക്ക കോൺഗ്രസ്.

മൂവാറ്റുപുഴ നിർമല കോളജിലെ നിസ്കാര വിവാദത്തിനു ശേഷം ഇപ്പോൾ പൈങ്ങോട്ടൂർ സെൻറ് ജോസഫ്സ് സ്കൂളിലും സ്കൂൾ നിയമത്തിനു വിരുദ്ധമായി നിസ്കാര സൗകര്യം നൽകണമെന്ന് ആവശ്യവുമായി ചിലർ വന്നതിന്റെ പിന്നിലെ ലക്ഷ്യങ്ങൾ ദുരൂഹമാണ്.

ഇക്കാര്യത്തിൽ സ്കൂൾ മാനേജ്മെൻറിനു കത്തോലിക്ക കോൺഗ്രസ് സമ്പൂർണ പിന്തുണ പ്രഖ്യാപിക്കുന്നതായി പ്രസിഡൻറ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന ഭാരവാഹികളുടെ യോഗം അറിയിച്ചു.

കത്തോലിക്കാ സ്ഥാപനങ്ങളിൽ ഇതരമത വിഭാഗങ്ങൾക്ക് ആരാധനാസ്ഥലം നൽകേണ്ടതില്ലെന്ന പ്രഖ്യാപിത നിലപാടിൽ മാറ്റമില്ലെന്നു പ്രഖ്യാപിച്ചു കോതമംഗലം രൂപത വികാരി ജനറാൾ റവ. ഡോ. പയസ് മലേക്കണ്ടം, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസ്കുട്ടി ജെ. ഒഴുകയിൽ, കോതമംഗലം രൂപത പ്രസിഡൻറ് സണ്ണി കടുതാഴെ, ട്രഷറർ അഡ്വ. തമ്പി പിട്ടാപ്പിള്ളിൽ, പൈങ്ങോട്ടൂർ പള്ളി വികാരി ഫാ. ജയിംസ് വരാരപള്ളിൽ, ഫാ. ജോർജ് പൊട്ടക്കൽ, ഫാ. ജേക്കബ് റാത്തപ്പള്ളി, ബേബിച്ചൻ നിധീരി, പ്രഫ. ജോർജ് കുര്യക്കോസ് തുടങ്ങിയവർ സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ദീപ്തിയുമായി ചർച്ച നടത്തി. നിരവധി കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരും പിടിഎ ഭാരവാഹികളും സ്കൂളിലെത്തിയിരുന്നു.

സമ്മർദം ചെലുത്തി ഇത്തരം ശ്രമങ്ങൾ നടത്താൻ ഒരിടത്തും അനുവദിക്കില്ലെന്നും ഒറ്റക്കെട്ടായി അവയെ എതിർക്കുമെന്നും മതസൗഹാർദം തകർക്കുന്ന നടപടികളിൽനിന്നു തത്പര കക്ഷികൾ പിൻവാങ്ങണമെന്നും കത്തോലിക്കാ കോൺഗ്രസ് നേതൃയോഗം ആവശ്യപ്പെട്ടു.

## അവയവദാന ദിനാചരണം സംഘടിപ്പിച്ചു




അദാനി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി അദാനി ഫൗണ്ടേഷനു കീഴിൽ വിഴിഞ്ഞത്ത് പ്രവർത്തിക്കുന്ന അദാനി സ്കിൽ ഡെവലപ്പ്മെന്റ് സെന്ററിൽ ലോക അവയവദാന ദിനാചാരണം സംഘടിപ്പിച്ചു.

അവയവദാനത്തിന്റെ പ്രധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അവയവദാനത്തെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുമായി എല്ലാ വർഷവും ഓഗസ്റ്റ് 13 ന് ലോക അവയവദാന ദിനം ആചരിക്കുന്നു. 'ഇന്ന് ആരുടെയെങ്കിലും പുഞ്ചിരിക്ക് കാരണമാവുക!' എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം.

ഈ ദിവസത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അദാനി സ്കിൽ ഡെവലപ്പ്മെന്റ് വിഴിഞ്ഞം സെന്ററിന് കീഴിൽ പരിശീലനം നേടുന്ന കുട്ടികൾ നെത്രദന സമ്മതപത്രം അതാത് ട്രൈനേഴ്സിന് കൈമാറി. ഈ ലഭിച്ച സമ്മതപത്രം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഫ്താൽമോളജി, (കണ്ണാശുപത്രി) തിരുവനന്തപുരം ഓഫീസിനു കൈമാറുമെന്ന് സെന്റർ ഹെഡ് അറിയിച്ചു.



# ആരോഗ്യ രംഗത്ത് ലോകത്തിന് മാതൃകയായ വ്യക്തിയാണ് ഡോ. എം.എസ് വല്യത്താൻ: മുഖ്യമന്ത്രി

ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളിലൂടെ ലോകത്തിനാകെ മാതൃകയായിത്തീർന്ന ഡോ. എം എസ് വല്യത്താനെ അനുസ്മരിക്കുന്നത് ഏറെ വേദനയോടെയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഐ.എം.ജിയിൽ നടന്ന ഡോ. എം. എസ് വല്യത്താൻ അനുസ്മരണത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വൈദ്യശാസ്ത്രജ്ഞൻ എന്നതിലുപരി അനേകം സവിശേഷതകൾ നിറഞ്ഞതായിരുന്നു ധന്യമായ അദ്ദേഹത്തിന്റെ ജീവിതം. വൈദ്യശാസ്ത്രം നമുക്കെല്ലാം അറിവുള്ളതുപോലെ അനേകം കൈവഴികളുള്ള ഒരു മേഖലയാണ്. ആധുനിക മേഖലയിലും പരമ്പരാഗത മേഖലയിലും അറിവും അവഗാഹവുമുള്ള അപൂർവ്വം വ്യക്തിത്വങ്ങളിലൊരാളാണ് ഡോ. എം എസ് വല്യത്താൻ. വൈദ്യശാസ്ത്ര രംഗത്തിന് നമ്മുടെ നാട് നൽകിയ മഹത്തായ സംഭാവനയാണ് അദ്ദേഹം. ആ ഹൃദയത്തിന്റെ മിടിപ്പ് നിലച്ചുപോയെങ്കിലും ഹൃദയശസ്ത്രക്രിയാ രംഗത്ത് അദ്ദേഹം തെളിച്ച പുതുവഴികൾ തുടർന്നും അനേകം ഹൃദയങ്ങൾക്ക് മിടിപ്പു നൽകും. അങ്ങനെ നോക്കുമ്പോൾ മനുഷ്യവംശം നിലനിൽക്കുന്നിടത്തോളം കാലം ഡോ. എം എസ് വല്യത്താന്റെ സ്മരണ അനശ്വരമായി തുടരും.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആദ്യ ബാച്ച് വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. തന്റെ പ്രൊഫഷണൽ ജീവിതത്തിലെ അനേകം നേട്ടങ്ങൾ അദ്ദേഹം കൈവരിച്ചത് ഈ നഗരത്തിൽ പ്രവർത്തിക്കുമ്പോഴാണ്. ഹൃദയശസ്ത്രക്രിയാ വിദഗ്ധൻ എന്ന നിലയ്ക്കു മാത്രമല്ല, മെഡിക്കൽ ഗവേഷണ രംഗത്തും മെഡിക്കൽ സാങ്കേതികവിദ്യയിലും എണ്ണംപറഞ്ഞ സംഭാവനകൾ നൽകിയ വ്യക്തി എന്ന നിലയിൽക്കൂടിയാണ് അദ്ദേഹം സ്മരിക്കപ്പെടുന്നത്. വൈദ്യശാസ്ത്രത്തിനു മാത്രമല്ല, മാനവരാശിയുടെ മുന്നേറ്റത്തിനായി തന്നെ വലിയ സംഭാവനകൾ നൽകിയ വ്യക്തിയാണ് അദ്ദേഹം. അത്തരത്തിലുള്ള ഒരു വ്യക്തിക്ക് ജന്മം നൽകാൻ കേരളക്കരയ്ക്ക് കഴിഞ്ഞു എന്നത് നാടിനാകെ അഭിമാനം നൽകുന്ന വസ്തുതയാണ്. പഠനശേഷം ഇംഗ്ലണ്ടിലേക്ക് പോയ ഡോ. വല്യത്താന് അവിടെ മികച്ച ആരോഗ്യ, ഗവേഷണ സ്ഥാപനങ്ങളുടെ തലപ്പത്തെത്താമായിരുന്നു. എന്നാൽ അദ്ദേഹം ആർജിച്ച കഴിവ് നാടിന്റെ പുരോഗതിക്ക് വിനിയോഗിക്കാനാണ് തീരുമാനിച്ചത്.

ഡോ. വല്യത്താൻ ശ്രീചിത്രയുടെ നേതൃത്വത്തിലേക്ക് എത്തുമ്പോൾ ഹൃദയ ശസ്ത്രക്രിയാ രംഗത്ത് ഇന്നത്തെ സ്ഥിതിയായിരുന്നില്ല. അന്നൊക്കെ ഹൃദയ വാൽവുകൾ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യേണ്ടിയിരുന്നു. ആ ഘട്ടത്തിൽ തന്നെ ഹൃദയവാൽവുകൾക്ക് തകരാർ ഉണ്ടാക്കുന്ന റുമാറ്റിക് ഹൃദ്രോഗം അടക്കമുള്ളവ കുട്ടികളിൽ കണ്ടെത്തുകയും ചെയ്തിരുന്നു. അവരുടെ ആരോഗ്യം സംരക്ഷിക്കണമെങ്കിൽ കൃത്രിമ ഹൃദയവാൽവുകൾ വേണ്ടിവരുമായിരുന്നു. എന്നാൽ, ഇറക്കുമതി ചെലവുകൾ കാരണം അവ സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു.

അത്തരമൊരു ഘട്ടത്തിലാണ് ഡോ. എം എസ് വല്യത്താന്റെ നേതൃത്വത്തിൽ കൃത്രിമ ഹൃദയ വാൽവുകൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഒന്നര പതിറ്റാണ്ടുനീണ്ട ശ്രമങ്ങളുടെ ഫലമായാണ് നമുക്ക് കൃത്രിമ വാൽവുകൾ വികസിപ്പിക്കാൻ സാധിച്ചത്. 1990 ലാണ് ശ്രീചിത്രയിൽ വികസിപ്പിച്ച വാൽവ് ആദ്യമായി ഒരു ഹൃദ്രോഗിയിൽ വിജയകരമായി വെച്ചുപിടിപ്പിച്ചത്. ഇന്ന് ലക്ഷക്കണക്കിനു ഹൃദയങ്ങളിൽ ശ്രീചിത്രയിൽ വികസിപ്പിച്ചെടുത്ത ചിലവു കുറഞ്ഞ വാൽവ് മിടിക്കുന്നുണ്ട്. അത്തരമൊരു മുൻകൈ ഡോ. വല്യത്താന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്നില്ലെങ്കിൽ രാജ്യത്തെ സാധാരണക്കാർക്ക് ഇന്നും ഹൃദയ വാൽവുകൾ അപ്രാപ്യമായേനെ. ആ നിലയ്ക്കു നോക്കുമ്പോൾ ഗ്രീക്കു പുരാണങ്ങളിലെ പ്രൊമിത്യൂസിനോട് ഉപമിക്കാൻ കഴിയുന്ന ജീവിതമാണ് അദ്ദേഹത്തിന്റേത്.

വൈദ്യശാസ്ത്രത്തെ മികച്ച സാങ്കേതികവിദ്യയുമായി സംയോജിപ്പിച്ചുള്ള പഠനവും പ്രവർത്തനവും നടത്തുന്ന രാജ്യത്തെ ആദ്യത്തെ ഗവേഷണ സ്ഥാപനമായി ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മാറിയതിലും ലോകോത്തര നിലവാരത്തിലേക്ക് അത് ഉയർന്നതിലും ഡോ. എം എസ് വല്യത്താന്റെ സംഭാവന നിസ്തുലമാണ്. തന്റെ നേതൃത്വത്തിൽ വികസിപ്പിക്കപ്പെട്ട കൃത്രിമ വാൽവിന് പേറ്റന്റ് നേടാൻ ശ്രമിക്കാതെ അത് ജനകീയമായ ഒന്നാക്കി മാറ്റാൻ അദ്ദേഹം തയ്യാറായി. ആധുനിക വൈദ്യശാസ്ത്രത്തിൽ അവഗാഹം ഉണ്ടായിരിക്കെത്തന്നെ ആയുർവേദ വൈദ്യശാസ്ത്രം പഠിക്കുകയും ആയുർവേദ ബയോളജി എന്ന ഒരു ശാസ്ത്രശാഖയ്ക്ക് അദ്ദേഹം തുടക്കം കുറിക്കുകയും ചെയ്തു. ശാസ്ത്രത്തെ മനുഷ്യനന്മയ്ക്കും മാനവരാശിയെ ഇല്ലാതാക്കാനും ഉപയോഗിക്കാം. ഡോ. വല്യത്താൻ ശാസ്ത്രത്തെ മനുഷ്യനന്മയ്ക്ക് പ്രയോജനപ്പെടുത്തി. തന്റെ ജീവിതത്തെയാകെ ഒരു സേവനോപാധിയായി കണ്ട ഡോ. എം എസ് വല്യത്താനെ തേടി നിരവധി ബഹുമതികൾ എത്തി. ആ മഹത് പ്രതിഭയുടെ കൈകളിലേക്ക് എത്തിച്ചേരുക വഴി ആ പുരസ്ക്കാരങ്ങളാണ് യഥാർത്ഥത്തിൽ ആദരിക്കപ്പെട്ടത്.

ആരോഗ്യ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിന്റെയാകെ ശ്രദ്ധ നേടിയവയാണ്. അവയെ കൂടുതൽ മുന്നോട്ടു കൊണ്ടുപോവാനും പുതിയ തലമുറ രോഗങ്ങളെ നേരിടാനും നമുക്കു കഴിയേണ്ടതുണ്ട്. അതിനായി ആരോഗ്യരംഗത്തെയും, ചികിത്സാമേഖലയിലെയും ഇടപെടലുകൾക്കൊപ്പം ഗവേഷണ രംഗത്തും ഇടപെടലുകൾ നടത്തുകയാണ് സംസ്ഥാന സർക്കാർ.

ലൈഫ് സയൻസ് പാർക്കും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയും, മെഡിക്കൽ കൺസോർഷ്യവും, ന്യൂട്രാസ്യൂട്ടിക്കൽസ് സെന്ററും ജീനോം ഡേറ്റാ സെന്ററും, സെന്റർ ഓഫ് മൈക്രോബയോംസും എല്ലാം യാഥാർത്ഥ്യമാക്കുന്നത് ഇതിന്റെ ഭാഗമായാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ശാസ്ത്ര സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രൊഫ. കെ.വി. സുധീർ, മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം.സി ദത്തൻ, ഡോ. സി.സി. കർത്ത, സി. പത്മകുമാർ, ഡോ. അച്യുത് ശങ്കർ എസ് നായർ, ചിത്രഹാർട്ട് വാൽവ് ആദ്യമായി സ്വീകരിച്ച കെ.ഡി മുരളീധരൻ, കെ. വിജയകുമാർ എന്നിവർ സംബന്ധിച്ചു.

## താലൂക്ക് ആശുപത്രിയിലെ വനിതാ ജീവനക്കാരെ കയ്യേറ്റം ചെയ്ത് യുവാവ്: പോലീസ് കേസെടുത്തു

താമരശേരി: കോഴിക്കോട് താമരശേരി താലൂക് ആശുപത്രിയിലെ വനിതാ സെക്യൂരിറ്റി ജീവനക്കാരെ യുവാവ് കയ്യേറ്റം ചെയ്തു . അരീക്കോട് കോഴിശ്ശേരി സ്വദേശി ഷബീർ ആണ് ജീവനക്കാരെ കയ്യേറ്റം ചെയ്തത്. തിങ്കളാഴ്ച രാത്രി എട്ട് മണിയോടെയാണ് സംഭവം.ഷബീറിന്റെ ബന്ധുവായ സ്ത്രീ ആശുപത്രിയിലെ വനിതാ വാർഡിൽ ചികിത്സയിൽ കഴിയുന്നുണ്ട്. ഇവിടേക്ക് രാത്രി എട്ട് മണിക്ക് ശേഷം പുരുഷന്മാർക്ക് പ്രവേശനമില്ല. ഷബീറിനെ സെക്യൂരിറ്റി ജീവനക്കാരായ മിനി, ലാലി എന്നിവർ തടഞ്ഞു.അകത്തേക്ക് പോകാൻ ഷബീർ നിർബന്ധം പിടിച്ചു. പിന്നാലെ വാക്കേറ്റമുണ്ടായി. തുടർന്നാണ് ഷബീർ ഇരുവരേയും കയ്യേറ്റം ചെയ്തത്.സംഭവത്തിന് പിന്നാലെ ഇയാൾ സ്ഥലം വിട്ടു. മിനിയും ലാലിയും ആശുപത്രിയിൽ പരിക്കേറ്റ് ചികിത്സയിലാണ്. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പോലീസ് കേസെടുത്തു.

## പിണറായി സർക്കാരിന്റെ നേട്ടങ്ങൾ പരസ്യമായി വെള്ളിത്തിരയിൽ; അഞ്ച് സംസ്ഥാനങ്ങളിൽ പ്രദർശനം

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പ്രതിച്ഛായ മെച്ചപ്പെടുത്താൻ പുതിയ നീക്കം. മലയാളികൾ കൂടുതൽ വസിക്കുന്ന ഇതര സംസ്ഥാനങ്ങളിലെ സിനിമാ തിയറ്ററുകൾ കേന്ദ്രീകരിച്ച് കേരളത്തെ സംബന്ധിച്ചുള്ള പരസ്യങ്ങൾ നല്കാനാണ് തീരുമാനം. 90 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യങ്ങൾ 28 ദിവസം വരെ പ്രദർശിപ്പിക്കും.

കേരളത്തിന്റെ സവിശേഷനേട്ടങ്ങൾ, ഭരണനേട്ടങ്ങൾ, വികസനക്ഷേമ പ്രവർത്തനങ്ങളിലെ മാതൃകകൾ എന്നിവ വിശദീകരിച്ചുള്ള തിയേറ്റർ പരസ്യങ്ങൾ അഞ്ചു അഞ്ചു സംസ്ഥാനങ്ങളിൽ പ്രദർശിപ്പിക്കാനാണ് തീരുമാനം. ഇതിനായി 18 ലക്ഷത്തി 19,843 രൂപയാണ് കഴിഞ്ഞ ദിവസം അനുവദിച്ചത്.മലയാളിസാന്നിധ്യമേറെയുള്ള കർണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഡൽഹി സംസ്ഥാനങ്ങളിലെ നഗരപരിധിയിലുള്ള 100 തിയേറ്ററുകളിലാണ് 90 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ പ്രദർശിപ്പിക്കുക.പ്രദർശനം ക്രമീകരിക്കാൻ പിആർഡിയുടെ എംപാനൽഡ് ഏജൻസികൾ, സാറ്റലൈറ്റ് ലിങ്ക് വഴി തിയേറ്ററുകളിൽ സിനിമാപ്രദർശനം നടത്തുന്ന ക്യൂബ്, യുഎഫ്ഒ എന്നിവയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. ഇൻറർസ്റ്റേറ്റ് പബ്ലിക് റിലേഷൻസ് പരിപാടിയുടെ ഭാഗമായാണ് പദ്ധതി നടപ്പാക്കുന്നതെന്നാണ് വ്യാഖ്യാനം.90 സെക്കൻഡ് വീഡിയോ പ്രദർശിപ്പിക്കുന്നതിന് 10 സെക്കൻഡിന് ഒരു തവണ 18 രൂപ, ഇപ്രകാരം 90 സെക്കൻഡിന് 162 രൂപയും എന്ന നിരക്കിൽ തുക വിനിയോഗിക്കാവുന്നതാണ്.

# കെഎസ്എഫ്ഇ ചിട്ടി നറുക്കെടുപ്പ് വിജയികൾക്ക് ഖാദി സെറ്റും മുണ്ടും; ഓണസമ്മാനപദ്ധതിയുമായി ഖാദി ഗ്രാമവ്യവസായ ബോർഡ്

***3500 രൂപ വിലയുള്ള കിറ്റ് 25000 പേർക്ക് നൽകും,*ആദ്യസമ്മാനദാനവും ഖാദി ഓണം വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനവും 19ന് മുഖ്യമന്ത്രി നിർവഹിക്കും.*ഓണം വിപണനമേളയിൽ 30 ശതമാനം വരെ റിബേറ്റ്**

കേരള ഖാദി ഗ്രാമവ്യവസായ ബോർഡും കെഎസ് എഫ് ഇയും കൈകോർത്ത് ഓണക്കാലത്ത് സമ്മാനപദ്ധതി ഒരുക്കുമെന്ന് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് വൈസ് ചെയർമാൻ പി ജയരാജൻ പറഞ്ഞു.കെ എസ് എഫ് ഇ ഗ്യാലക്സി ചിട്ടി നറുക്കെടുപ്പ് വിജയികൾക്ക് ഖാദി സെറ്റും മുണ്ടുമാണ് സമ്മാനമായി നൽകുക. ഓരോ ചിട്ടിയിലും 10ൽ ഒരാൾക്ക് വീതമാണ് സമ്മാനം നൽകുക. 3500 രൂപ വിലയുള്ള സമ്മാനക്കിറ്റാണ് വിജയികൾക്ക് ലഭിക്കുക. 25000 കിറ്റുകൾക്കാണ് കെഎസ് എഫ് ഇ ഖാദി ബോർഡിന് ഓർഡർ നൽകിയിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ചിട്ടി നറുക്കെടുപ്പിൽ കെഎസ് എഫ്ഇ നൽകുന്ന മെഗാ സമ്മാനങ്ങൾക്ക് പുറമെയാണിത്. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.പരമ്പരാഗത വ്യവസായങ്ങൾ വലിയ വെല്ലുവിളി നേരിടുന്ന ഈ അവസരത്തിൽ ഖാദി ബോർഡിനു ലഭിച്ച വലിയ സഹായമാണ് ഓർഡറെന്ന് പി ജയരാജൻ പറഞ്ഞു. ആദ്യ സമ്മാനം നൽകലും ഖാദി ബോർഡിന്റെ ഓണം വിപണന മേളയുടെ സംസ്ഥാനതല ഉദ്ഘാടനവും ആഗസ്റ്റ് 19 ന് വൈകിട്ട് അഞ്ചിന് അയ്യങ്കാളി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഉദ്ഘാടന ചടങ്ങിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് എന്നിവർ പങ്കെടുക്കും.

ഓണക്കാലത്തോടനുബന്ധിച്ച് ഖാദി വസ്ത്രങ്ങളുടെയും വൈവിധ്യമാർന്ന ഗ്രാമവ്യവസായ ഉത്പന്നങ്ങളുടെയും വിപുലമായ ശേഖരം ഒരുക്കിയിട്ടുണ്ടെന്നും മുൻ വർഷങ്ങളിലേതു പോലെ തന്നെ 30 ശതമാനം വരെ റിബേറ്റും സർക്കാർ, അർദ്ധ സർക്കാർ, പൊതു മേഖല ജീവനക്കാർക്ക് ഒരു ലക്ഷം രൂപയുടെ ക്രെഡിറ്റ് സൗകര്യവും നൽകുമെന്ന് അദ്ദേഹം പറഞ്ഞു. വിപണിയിലുള്ള വ്യാജ ഖാദി ഉത്പന്നങ്ങൾ വാങ്ങി വഞ്ചിതരാവരുതെന്നും പൂർണമായും ഖാദി മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർമിക്കുന്ന കേരളഖാദി ഉത്പന്നങ്ങൾ തിരഞ്ഞെടുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഈ വർഷം ഓണസമയത്തുള്ള സമ്മാന പദ്ധതിയായി ജില്ലകൾ തോറും ആഴ്ചയിൽ ഒരിക്കൽ നടക്കുന്ന നറുക്കെടുപ്പിൽ ഓരോ 1000 രൂപയുടെ പർച്ചേസിനും ലഭിക്കുന്ന കൂപ്പണിലൂടെ ഒന്നാം സമ്മാനമായി 5000 രൂപയുടെ ഖാദി ഉൽപ്പന്നങ്ങളും രണ്ടാം സമ്മാനമായി 3000 രൂപയുടെ ഖാദി ഉൽപ്പന്നങ്ങളും മൂന്നാം സമ്മാനമായി 1000 രൂപയുടെ ഖാദി ഉൽപ്പന്നങ്ങളും ലഭിക്കും. ഈ കൂപ്പൺ ഉപയോഗിച്ച് മൊത്തം തുകയുടെയും ഖാദി വസ്ത്രങ്ങൾ വാങ്ങാനാവും.ഖാദി വസ്ത്രങ്ങളുടെയും ഗ്രാമവ്യവസായ ഉൽപ്പന്നങ്ങളുടെയും ഉത്പാദനത്തിലും വിൽപ്പനയിലും വലിയ വളർച്ച ഉണ്ടായതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഷോറൂം വഴിയുള്ള വിൽപനയ്ക്ക് പുറമേ സർക്കാർ സ്ഥാപനങ്ങളും സഹകരണസംഘങ്ങളും കേന്ദ്രീകരിച്ചുള്ള പ്രദർശനവും വിൽപനയും ഫലപ്രദമായി നടന്നുവരുന്നുണ്ട്. മത, സാമുദായിക സംഘടനകളുടെ സഹായവും എടുത്തു പറയേണ്ടതാണ്. ഖാദി ബോർഡ് തന്നെ രൂപീകരിച്ച മാർക്കറ്റിംഗ് ശൃംഖലയായ 'ഖാദി ലവേഴ്സ്' കൂട്ടായ്മ വഴിയും ഖാദി ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിയുന്നുണ്ട്. ദുബായ് കേന്ദ്രീകരിച്ചുള്ള ഓർമ്മ കൂട്ടായ്മ ഇത്തരത്തിൽ ഖാദി വസ്ത്രങ്ങൾ ദുബായിലെ കേരളീയം പരിപാടിയിൽ വിൽപ്പന നടത്തിയിരുന്നു. ജർമ്മനി, യുഎസ് എന്നീ രാജ്യങ്ങളിലേക്കും ഖാദി വസ്ത്രങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

പുതുതലമുറയ്ക്ക് ഇഷ്ടപ്പെടുന്നതും ശരീരത്തിന് ഇണങ്ങുന്നതുമായ ഖാദി വസ്ത്രങ്ങൾ വിപണിയിൽ ഇറക്കിയാണ് ഓണവിൽപനയ്ക്ക് ഒരുങ്ങുന്നത്. ഡിജിറ്റൽ പ്രിന്റിംഗ് ഡിസൈനിൽ ചെയ്ത സ്ലിം ഷർട്ടുകൾ, മസ്ലിൻ കോട്ടൺ സാരികൾ, കുർത്തകൾ, 'ഖാദികൂൾ' എന്ന പേരിൽ പുറത്തിറക്കിയ പാന്റ്സുകൾ, മസ്ലിൻ ഡബിൾ മുണ്ടുകൾ, കുപ്പടം മുണ്ടുകൾ, കളർ മുണ്ടുകൾ, റെഡിമെയ്ഡ് ഷർട്ടുകൾ, ലേഡീസ് ടോപ്പുകൾ, ബെഡ് ഷീറ്റുകൾ, ഉന്നക്കിടക്കകൾ തുടങ്ങിയവ മേളയിൽ ലഭിക്കും.

സർക്കാർ ജീവനക്കാരും അധ്യാപകരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കാർ തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ സംഘടന പ്രതിനിധികളുമായുള്ള ചർച്ചകൾ നടന്നുവരികയാണെന്നും മികച്ച സഹകരണമാണ് അവരുടെ ഭാഗത്ത് നിന്നുള്ളതെന്നും പി ജയരാജൻ പറഞ്ഞു. ഖാദി ഉൽപന്നങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനങ്ങളെ സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇത് ഉപയോഗപ്പെടുത്തി ഖാദി ബോർഡിനെ സഹായിക്കണമെന്ന് എല്ലാ സ്ഥാപനങ്ങളോടും അദ്ദേഹം അഭ്യർത്ഥിച്ചു. കെ എസ് എഫ് ഇയുടെ നടപടി മാതൃകാപരമാണെന്നും അദ്ദേഹം പറഞ്ഞു. ഇൻകം സപ്പോർട്ട് സ്കീം, റിബേറ്റ് എന്നിവയിലുള്ള കുടിശ്ശികകൾ ഉടനെ നൽകും എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത് വലിയ ആശ്വാസമാണ്. ഗ്രാമ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന എന്റെ ഗ്രാമം, പ്രധാനമന്ത്രി പ്രത്യേക തൊഴിൽദായക പദ്ധതി എന്നിവയുടെ ഗുണഭോക്താക്കളുടെ എണ്ണം വർധിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.കെ എസ് എഫ് ഇ ചെയർമാൻ കെ. വരദരാജൻ, ഖാദി ബോർഡ് അംഗങ്ങളായ കെ എ രതീഷ്, എസ് ശിവരാമൻ, സാജൻ തോമസ് തൊടുകയിൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച നിയമസഭ സമിതി തെളിവെടുപ്പ് 16 ന്

കേരള നിയമസഭയുടെ പട്ടികജാതി, പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ആഗസ്റ്റ് 16ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30 ന് തൃശൂർ ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേർന്ന് സമിതിയുടെ പരിഗണനയിലുള്ളതും തൃശൂർ ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ളതുമായ പരാതികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തും. യോഗത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ നേരിടുന്നതും സമിതിയുടെ അധികാര പരിധിയിലുള്ളതുമായ വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ / നിവേദനങ്ങൾ സ്വീകരിക്കും. തുടർന്ന് പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്, പ്രീമെട്രിക് ഹോസ്റ്റൽ, അടുത്തുള്ള എസ്.സി / എസ്.ടി നഗർ എന്നിവ സമിതി സന്ദർശിക്കും. സമിതി മുൻപാകെ ഹർജികളും നിവേദനങ്ങളും നൽകുവാൻ താത്പര്യമുള്ള വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും സമിതി അധ്യക്ഷയെ അഭിസംബോധന ചെയ്ത് തയ്യാറാക്കിയ ഹർജികൾ / നിവേദനങ്ങൾ യോഗത്തിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.

## ഫീൽഡ് കം ഹാച്ചറി സ്റ്റാഫ്

വിഴിഞ്ഞത്തെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ ഫീൽഡ് കം ഹാച്ചറി സ്റ്റാഫ് തസ്തികയിൽ നിലവിലുള്ള രണ്ട് ഒഴിവുകളിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: ൦൦൦.രാളൃശ.ീൃഴ.ശി. ഫോൺ: 0471 2480224.

# ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയും കെൽട്രോണും ധാരണ പത്രം ഒപ്പ് വച്ചു

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കെൽട്രോണുമായി സഹകരിച്ച് വിവിധ നൈപുണ്യ വികസന ഡിപ്ലോമ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ തുടങ്ങുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചു .

ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു, വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ.ഡോ. ജഗതി രാജ് വി പി എന്നിവരുടെ സാന്നിധ്യത്തിൽ സെക്രട്ടേറിയറ്റിലെ സൗത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ കെൽട്രോൺ മാനേജിങ് ഡയറക്ടർ റിട്ടയേർഡ് വൈസ് അഡ്മിറൽ ശ്രീകുമാർ നായരും ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ഡിംപി വി. ദിവാകരനുമാണ് ധാരണ പത്രം ഒപ്പുവെച്ചത്.

വിജ്ഞാന സമൂഹമായി കേരളത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ശ്രീ നാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി മികച്ച സംഭാവനയാണ് നൽകുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.ആർ ബിന്ദു യോഗത്തിൽ പറഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കടക്കം നൈപുണ്യ വികസനം നൽകാൻ സർവകലാശാലയ്ക്ക് കഴിയുന്നു. ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളടക്കം നിലവിൽ വരുന്ന സാഹചര്യത്തിൽ ഐടി മേഖലയിലെ കെൽട്രോണിന്റെ മികവ് പ്രയോജനപ്പെടുത്തുന്നതിന് കഴിയേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു.

ഉന്നത വിഭാഭ്യാസ രംഗവും വ്യവസായ മേഖലകളും തമ്മിലുള്ള ബന്ധം ദൃഢമാക്കണമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. തൊഴിൽ സംരഭക മേഖലകൾ വിപുലമാക്കിയും കാലത്തിനനുസൃതമായ സിലബസുകൾ രൂപീകരിച്ചുമാകണം നൈപുണ്യ കോഴ്സുകൾ നടത്തേണ്ടതെന്നും മന്ത്രി പറഞ്ഞു. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പരിധിയിൽ വരുന്ന വിദൂര വിദ്യാഭ്യാസ യുജി പിജി പ്രോഗ്രാമുകളിൽ പഠിക്കുന്ന പഠിതാക്കൾക്ക് ആഡ് ഓൺ കോഴ്സുകൾ ആയി കെൽട്രോൺ നടത്തുന്ന നൈപുണ്യ വികസന, തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിക്കാൻ ധാരണാപത്രം പ്രകാരം അവസരം ലഭിക്കും. ഇതോടൊപ്പം ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ പഠിതാക്കൾക്ക് ഇന്റേൺഷിപ്പിനും ടെക്നിക്കൽ അപ്രന്റീസ്ഷിപ്പുകൾക്കും കെൽട്രോണിൽ അവസരം ലഭിക്കും.

ഇത്തരത്തിൽ ആഡ് ഓൺ കോഴ്സുകളും ഇന്റേൺഷിപ്പും പഠന കാലയളവിൽ ചെയ്യുന്നത് പഠിതാക്കൾക്ക് വേഗത്തിൽ തൊഴിൽ ലഭിക്കുന്നതിനും മുന്നോട്ടുള്ള ഉന്നത പഠനത്തിനും സ്വീകാര്യത കൂട്ടും. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി പ്രോ വൈസ് ചാൻസിലർ ഡോ എസ് വി സുധീർ ,കെൽട്രോൺ ചെയർമാൻ എൻ നാരായണ മൂർത്തി, സിൻഡിക്കേറ്റ് അംഗങ്ങൾ, ഓഫീസർമാർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



മന്ത്രിമാരായ ഡോ. ആർ ബിന്ദു, പി രാജീവ് എന്നിവരുടെ സാന്നിധ്യത്തിൽ വിവിധ നൈപുണ്യ വികസന കോഴ്സുകൾ തുടങ്ങുന്നതിനായി കെൽട്രോണും ശ്രീനാരായണ ഓപ്പൺ യൂണിവേഴ്സിറ്റിയും തമ്മിൽ ഒപ്പിട്ട ധാരണ പത്രം കൈമാറുന്നു

# വനിതാ ഡോക്ടറുടെ കൊലപാതകം: സമരം തുടരുന്നു, പ്രിൻസിപ്പൽ രാജിവെച്ചു

കൊൽക്കത്ത: സർക്കാർ ഉടമസ്ഥതയിലുള്ള ആർ. ജി. കർ മെഡിക്കൽ കോളജിൽ പി. ജി. ഡോക്ടറെ കൊലപ്പെടുത്തിയ പ്രതി കൃത്യം നടത്തിയശേഷം തെളിവുനശിപ്പിക്കാനും ശ്രമം നടത്തിയെന്ന് പൊലീസ്. വനിതാ ഡോക്ടറെ ബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയശേഷം താമസസ്ഥലത്തെത്തിയ പ്രതി വസ്ത്രങ്ങളെല്ലാം കഴുകിവൃത്തിയാക്കിയെന്നാണ് പൊലീസ് പറയുന്നത്. എന്നാൽ, വീട്ടിൽനിന്ന് കണ്ടെടുത്ത ഷൂവിൽ രക്തക്കറ കണ്ടെത്തിയതായും ഇത് കേസിൽ നിർണായക തെളിവാണെന്നും പൊലീസ് പറഞ്ഞു.

31കാരിയായ പി. ജി. ഡോക്ടറെ ക്രൂരമായി ബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയ കേസിൽ പൊലീസിന്റെ സിവിക് വൊളണ്ടിയറായി ജോലിചെയ്തിരുന്ന സഞ്ജയ് റോയിയെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. വെള്ളിയാഴ്ച പുലർച്ചെ നെഞ്ചുരോഗ വിഭാഗത്തിലെ സെമിനാർ ഹാളിലാണ് ചോരയിൽകുളിച്ച നിലയിൽ വനിതാ ഡോക്ടറുടെ മൃതദേഹം കണ്ടെത്തിയത്.

ശരീരമാസകലം മുറിവേറ്റ ഡോക്ടർ, ക്രൂരമായ ബലാത്സംഗത്തിനിരയായെന്ന് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിരുന്നു. സംഭവസ്ഥലത്തുനിന്ന് കണ്ടെത്തിയ ബ്ലൂടൂത്ത് ഹെഡ്സെറ്റും ആശുപത്രിയിലെ സിസിടിവി ദൃശ്യങ്ങളുമാണ് പ്രതിയെ കണ്ടെത്താൻ അന്വേഷണസംഘത്തെ സഹായിച്ചത്. തുടർന്ന് സഞ്ജയ് റോയിയെ ശനിയാഴ്ച തന്നെ പൊലീസ് സംഘം കസ്റ്റഡിയിലെടുക്കുകയായിരുന്നു.

വെള്ളിയാഴ്ച പുലർച്ചെ വനിതാ ഡോക്ടറെ ക്രൂരമായി കൊലപ്പെടുത്തിയശേഷം പ്രതി താമസസ്ഥലത്തേക്ക് മടങ്ങിയെന്നാണ് പൊലീസ് പറയുന്നത്. വെള്ളിയാഴ്ച രാവിലെ ഇയാൾ കിടന്നുറങ്ങി. എഴുന്നേറ്റശേഷം കൊലപാതക സമയത്ത് ധരിച്ചിരുന്ന വസ്ത്രങ്ങളെല്ലാം കഴുകി വൃത്തിയാക്കി. എന്നാൽ, പ്രതി ധരിച്ചിരുന്ന ഷൂവിൽ രക്തക്കറ അവശേഷിച്ചിരുന്നു. വീട്ടിൽ നടത്തിയ തിരച്ചിലിൽ ഈ ഷൂ കണ്ടെടുത്തതെന്നും പൊലീസ് പറഞ്ഞു.

നിലവിൽ സഞ്ജയ് റോയി അല്ലാതെ മറ്റാർക്കും കൃത്യത്തിൽ പങ്കില്ലെന്നാണ് പൊലീസിന്റെ നിഗമനം. അതേസമയം, സംഭവത്തിൽ വിശദമായ പോസ്റ്റ്മോർട്ടം റിപ്പോർട്ട് കൂടി ലഭിക്കാനുണ്ടെന്നും പൊലീസ് പറഞ്ഞു. യുവതിയുടെ സ്വകാര്യഭാഗങ്ങളിലടക്കം മുറിവേറ്റിരുന്നതായാണ് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നത്. കണ്ണുകളിൽനിന്നും വായിൽനിന്നും ചോരയൊലിക്കുന്ന നിലയിലായിരുന്നു മൃതദേഹം. കഴുത്തിലും ഇടതുകാലിലും വലതുകൈയിലും ചുണ്ടുകളിലും മാരകമായ മുറിവേറ്റിരുന്നു. സാഹചര്യത്തെളിവുകളടക്കം പരിശോധിക്കുമ്പോൾ കൊലപ്പെടുത്തിയതിന് ശേഷമാണോ വനിതാ ഡോക്ടറെ ലൈംഗികമായി ഉപദ്രവിച്ചതെന്ന് പൊലീസ് സംശയിക്കുന്നുണ്ട്. ഇതുസംബന്ധിച്ച വ്യക്തത ലഭിക്കണമെങ്കിൽ വിശദമായ പോസ്റ്റ്മോർട്ടം റിപ്പോർട്ട് പുറത്തുവരണമെന്നും പൊലീസ് പറഞ്ഞു.

അതേസമയം, വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് ബംഗാളിൽ ഡോക്ടർമാരുടെ സമരം തുടരുകയാണ്. ആർ. ജി. കർ മെഡിക്കൽ കോളജിൽ സമരംചെയ്യുന്ന ജൂനിയർ ഡോക്ടർമാർ ഉൾപ്പെടെയുള്ളവരുമായി സിറ്റി പൊലീസ് കമ്മിഷണർ വിനീത് ഗോയൽ കഴിഞ്ഞദിവസവും ചർച്ച നടത്തി. അന്വേഷണം സുതാര്യമാണെന്നും കേസുമായി ബന്ധപ്പെട്ട് അഭ്യൂഹങ്ങൾ പ്രചരിപ്പിക്കരുതെന്നും അദ്ദേഹം പറഞ്ഞു. കേസിൽ ആരെയും സംരക്ഷിക്കാൻ പൊലീസ് ശ്രമിക്കുന്നില്ലെന്നും അദ്ദേഹം ഉറപ്പുനൽകി.

പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട് കൊല്ലപ്പെട്ട ഡോക്ടറുടെ മാതാപിതാക്കൾക്ക് കൈമാറിയിട്ടുണ്ട്. മെഡിക്കൽ വിദ്യാർത്ഥികളുമായും ചർച്ച നടത്തി. ഈ ചർച്ചയിൽ അവർ സംതൃപ്തരാണെന്നാണ് പൊലീസ് കരുതുന്നത്. അവരുടെ ആവശ്യപ്രകാരം ഒരു പൊലീസ് ഉദ്യോഗസ്ഥനെതിരേ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സിറ്റി പൊലീസ് കമ്മിഷണർ വിനീത് ഗോയൽ മാധ്യമങ്ങളോട് പറഞ്ഞു.

വനിതാഡോക്ടറെ ബലാത്സംഗംചെയ്ത് കൊലപ്പെടുത്തിയ സംഭവത്തിൽ സംസ്ഥാനവ്യാപകമായി ഡോക്ടർമാർ പണിമുടക്കി പ്രതിഷേധം തുടരുകയാണ്. അത്യാഹിതവിഭാഗം ഒഴികെയുള്ള സേവനങ്ങൾ തടസ്സപ്പെട്ടു. തങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ സമരം ശക്തമാക്കുമെന്ന് ഡോക്ടർമാർ മുന്നറിയിപ്പു നൽകി. 'സുരക്ഷ ഇല്ലെങ്കിൽ സേവനവും ഇല്ല' എന്ന മുദ്രാവാക്യം ഉയർത്തിയാണ് കുത്തിയിരിപ്പ് സമരം തുടരുന്നത്. അക്രമത്തിൽ ഒന്നിലധികംപേർ ഉൾപ്പെട്ടിട്ടുണ്ടാവാമെന്ന് ആശങ്ക പ്രകടിപ്പിച്ച ഡോക്ടർമാർ പോസ്റ്റ്മോർട്ടം റിപ്പോർട്ടും സി. സി. ടി. വി. ദൃശ്യങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. മെഡിക്കൽ കോളജ് പ്രിൻസിപ്പൽ, വീഴ്ചവരുത്തിയ വകുപ്പ് തലവൻമാർ, സുരക്ഷാചുമതലയുണ്ടായിരുന്ന പൊലീസ് ഉദ്യോഗസ്ഥർ എന്നിവരെ പുറത്താക്കണമെന്നതും ഡോക്ടർമാരുടെ ആവശ്യങ്ങളിലുണ്ട്.

അതിനിടെ, ആർ. ജി. കർ മെഡി. കോളജ് സൂപ്രണ്ട് സഞ്ജയ് വസിഷ്ഠിനെ തൽസ്ഥാനത്തുനിന്ന് നീക്കി. ഞായറാഴ്ചയാണ് സൂപ്രണ്ടിനെതിരേ നടപടിയുണ്ടായത്. ഇതിനുപിന്നാലെ തിങ്കളാഴ്ച മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. സന്ദീപ് ഘോഷ് തൽസ്ഥാനത്തുനിന്ന് രാജിവെച്ചു. സമരംചെയ്യുന്ന ഡോക്ടർമാരുടെയും വിദ്യാർത്ഥികളുടെയും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നായിരുന്നു പ്രിൻസിപ്പലിന്റെ രാജി.

# പെൺകുട്ടിയെ വീട്ടിലെത്തിച്ചത് ഭാര്യ; ആറ്റിങ്ങലിൽ 15കാരിയെ പീഡിപ്പിച്ച കേസിൽ ദമ്പതിമാർ അറസ്റ്റിൽ

ആറ്റിങ്ങൽ : മുദാക്കൽ പൊയ്കമുക്ക് സ്വദേശിനിയായ പതിനഞ്ചുകാരിയെ ലൈംഗികമായി പീഡിപ്പിച്ചെന്ന കേസിൽ ദമ്പതിമാർ അറസ്റ്റിലായി. ആറ്റിങ്ങൽ ഇളമ്പ പാലത്തിനു സമീപം ബിന്ദു ഭവൻ വീട്ടിൽ ശരത് (28) ഇയാളുടെ ഭാര്യ മുദാക്കൽ പൊയ്കമുക്ക് കാട്ടുചന്ത നന്ദനം വീട്ടിൽ നന്ദ(24) എന്നിവരെയാണ് ആറ്റിങ്ങൽ പൊലീസ് അറസ്റ്റ് ചെയ്തത്.

2021 ഏപ്രിൽ മുതൽ പലതവണകളായി പെൺകുട്ടി കൊടുംപീഡനത്തിന് ഇരയായെന്നാണ് പരാതി. നാലു വർഷം പീഡിപ്പിച്ചു. 11 വയസുമുതൽ 15 വയസുവരെ പീഡനത്തിനിരയായി. പെൺകുട്ടി സ്കൂളിൽ വിഷമിച്ചിരിക്കുന്നതു കണ്ട അധ്യാപിക സ്കൂൾ കൗൺസിലറെ കൊണ്ട് കൗൺസിലിംഗ് നടത്തിയതിൽനിന്നാണ് ഞെട്ടിക്കുന്ന പീഡനവിവരം പുറത്തു വന്നത്.

ഒന്നാംപ്രതിയായ ശരത് ഭാര്യ നന്ദയെ ഉപയോഗിച്ച് പെൺകുട്ടിയെ വീട്ടിൽ വിളിച്ചുവരുത്തുകയും തുടർന്ന് പീഡിപ്പിക്കുകയും ചെയ്തെന്നാണ് വിവരം. നന്ദയ്ക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്ന് ഇയാൾ ആരോപിച്ചിരുന്നു. തുടർന്ന് തന്നോടൊപ്പം താമസിക്കണമെങ്കിൽ 15കാരിയെ ചൂഷണംചെയ്യാൻ അവസരമൊരുക്കി നൽകണമെന്നും ഭീഷണിപ്പെടുത്തി. ഇതോടെ നന്ദ ഭർത്താവിന്റെ ഭീഷണിക്ക് വഴങ്ങി 15കാരിയെ പ്രലോഭിപ്പിച്ച് വീട്ടിലെത്തിക്കുകയും തുടർന്ന് പീഡനത്തിനിരയാക്കുകയുമായിരുന്നു.

ആറ്റിങ്ങൽ സ്റ്റേഷൻ ഇൻസ്പെക്ടർ ഗോപകുമാർ. ജി, എസ്. ഐ. മാരായ സജിത്ത്, ജിഷ്ണു, സുനിൽ കുമാർ, എ. എസ്. ഐ. ഉണ്ണിരാജ്, എസ്. സി. പി. ഒ മാരായ ശരത് കുമാർ, നിതിൻ, സി. പി. ഒ അഞ്ജന എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# പുലികളി വേണ്ടെന്നുവച്ച തീരുമാനം പുനഃപരിശോധിക്കണം; മേയർക്ക് നിവേദനം നൽകി

തൃശൂർ: വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പുലികളി വേണ്ടെന്നുവച്ച തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് തൃശൂർ മേയർക്ക് നിവേദനം നൽകി. ഓണത്തോടനുബന്ധിച്ച് പുലികളി നടത്തണമെന്നാവശ്യപ്പെട്ട് ഒമ്പത് പുലികളി സംഘങ്ങളാണ് മേയർ എം.കെ.വർഗീസിന് നിവേദനം നൽകിയത്.

പുലികളി ഒരുക്കങ്ങളുടെ ഭാഗമായി ഓരോ ടീമിനും മൂന്നു ലക്ഷത്തിലധികം രൂപ ഇതിനോടകം ചെലവായിട്ടുണ്ടെന്നും പുലികളി നടത്താതിരുന്നാൽ സാമ്പത്തിക നഷ്ടം താങ്ങാൻ കഴിയില്ലെന്നും സംഘങ്ങൾ വ്യക്തമാക്കി. പുലികളി നടത്തിയില്ലെങ്കിൽ തങ്ങൾക്കുണ്ടായ ബാധ്യത കോർപ്പറേഷൻ ഏറ്റെടുക്കണമെന്നും നിവേദനത്തിൽ പറയുന്നു.

പുലികളി നടക്കുന്നതിന് മാസങ്ങൾക്ക് മുൻപ് തന്നെ അതിന് വേണ്ട മുന്നൊരുക്കങ്ങൾ ആരംഭിച്ചിരുന്നു. വേഷം കെട്ടുന്നവർക്ക് അഡ്വാൻസ് തുക അടക്കം നൽകി കഴിഞ്ഞു. ഇനി പുലികളി നടന്നില്ലെങ്കിൽ വലിയ സാമ്പത്തിക നഷ്ടമായിരിക്കും ഉണ്ടാവുക.

വയനാടിന്റെ ദുഃഖത്തിൽ പങ്കുചേരുകയാണെന്നും അതിന്റെ പേരിൽ പുലികളി വേണ്ടെന്ന് വയ്ക്കുന്നത് ഭീമമായ നഷ്ടമാണ് കലാകാരന്മാർക്കുണ്ടാക്കുന്നതെന്നും സംഘാംഗങ്ങൾ പറഞ്ഞു.

# മദ്രാസ് ഐഐടി വീണ്ടും ഒന്നാമത്

ന്യൂഡൽഹി: രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമായി മദ്രാസ് ഐഐടി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് 2024 അനുസരിച്ച് ഓവർഓൾ വിഭാഗത്തിൽ മദ്രാസ് ഐഐടി തുടർച്ചയായി ആറാം തവണയാണ് ഈ ബഹുമതിക്ക് അർഹമായത്. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആണ് സർവകലാശാല വിഭാഗത്തിൽ ഒന്നാം സ്ഥാനത്ത്. ഒൻപതാം തവണയാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ഈ സ്ഥാനം നിലനിർത്തുന്നത്.

ഓവറോൾ വിഭാഗത്തിൽ ആദ്യ പത്ത് റാങ്കിങ്ങിൽ എട്ട് ഐഐടികൾ ഇടംപിടിച്ചു. മദ്രാസ് ഐഐടിക്ക് തൊട്ടുപിന്നിൽ രണ്ടാം സ്ഥാനത്ത് ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ഐഐഎസ്സി) ആണ്. ഐഐടി ബോംബെ, ഐഐടി ഡൽഹി, ഐഐടി കാൺപൂർ എന്നിവയാണ് യഥാക്രമം മൂന്നും നാലും അഞ്ചും സ്ഥാനങ്ങളിൽ. ഐഐടി ഖരഗ്പൂർ ആറാം സ്ഥാനത്തും ഡൽഹി എയിംസ് ഏഴാം സ്ഥാനത്തുമാണ്. ഐഐടി റൂർക്കി, ഐഐടി ഗുവാഹട്ടി എന്നിവയാണ് എട്ടും ഒമ്പത്ം സ്ഥാനങ്ങളിൽ. പത്താം റാങ്കുമായി ജവഹർലാൽ നെഹ്റു സർവകലാശാല (ജെഎൻയു) ആദ്യം പത്തിൽ ഇടംപിടിച്ചു. ഈ വർഷം 10885 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് റാങ്കിങ്ങിനായി പരിഗണിച്ചത്.

# വിജിലൻസ് മേധാവിയായി യോഗേഷ് ഗുപ്ത ചുമതലയേറ്റു

തിരുവനന്തപുരം: സംസ്ഥാന വിജിലൻസ് മേധാവിയായി യോഗേഷ് ഗുപ്ത ചുമതലയേറ്റു. ടി.കെ.വിനോദ് കുമാർ സ്വയം വിരമിച്ച ഒഴിവിലേക്കാണ് നിയമനം.

എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിലും സിബിഐലും സേവനം അനുഷ്ഠിച്ചിട്ടുള്ള യോഗേഷ് ഗുപ്ത ബീവറേജസ് കോർപ്പറേഷന്റെ സിഎംഡി സ്ഥാനത്തു നിന്നാണ് വിജിലൻസ് ഡയറക്ടർ പദവിയിലേക്ക് എത്തുന്നത്.പുതിയ നിയമനം ലഭിച്ചതോടെ യോഗേഷ് ഗുപ്തക്ക് ഡിജിപി പദവി കൂടി ലഭിച്ചേക്കും. സർവീസിൽ നിന്ന് വിരമിക്കാൻ ഒരു വർഷം ബാക്കി നിൽക്കെയാണ് ടി.കെ. വിനോദ് കുമാർ പദവിയിൽ നിന്നും സ്വയം വിരമിച്ചത്.

പദവിയിൽ നിന്നും വിരമിച്ച അദ്ദേഹം യുഎസിൽ യൂണിവേഴ്സിറ്റി ഓഫ് നോർത്ത് കാരലീനയിൽ അധ്യാപക ജോലിയിൽ പ്രവേശിക്കും.

# ഡെപ്യൂട്ടേഷൻ ഒഴിവ്

കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ ഓഫീസിൽ ഒഴിവുള്ള ഡെപ്യൂട്ടി രജിസ്ട്രാർ, ക്ലറിക്കൽ തസ്തികകളിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ നഴ്സിംഗ് സ്കൂളിലെ പ്രിൻസിപ്പൽ/ വൈസ് പ്രിൻസിപ്പൽ/ സീനിയർ നഴ്സിംഗ് ട്യൂട്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവരാണ് ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലേക്ക് അപേക്ഷിക്കേണ്ടത്. സർക്കാർ സർവീസിൽ സമാന തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ക്ലറിക്കൽ തസ്തികയിലേക്കും അപേക്ഷിക്കാം.

അപേക്ഷകൾ, ബയോഡേറ്റ, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, നോട്ടിഫിക്കേഷനു ശേഷം മാതൃവകുപ്പിൽ നിന്നും നിരാക്ഷേപ പത്രം എന്നിവ സഹിതം സെപ്റ്റംബർ 19 നു 5 മണിക്ക് മുമ്പായി രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം 695035 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

# വനമിത്ര അവാർഡ്: അപേക്ഷ ക്ഷണിച്ചു

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 202425 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു. 25,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകും.

തിരുവനന്തപുരം ജില്ലയിലെ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ആഗസ്റ്റ് 31 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 9447979135.

# മരണാനന്തര ധനസഹായം വിതരണം ചെയ്തു

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗമായിരിക്കെ മരണപ്പെട്ട ഓട്ടോറിക്ഷാ തൊഴിലാളിയായ എസ്.

ഷാജഹാന്റെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായമായ 1,00,000 രൂപയും ശവസംസ്കാര ചടങ്ങിനുള്ള ധനസഹായതുകയായ 10,000 രൂപയും റീഫണ്ട് ഇനത്തിൽ 5,231 രൂപയും അദ്ദേഹത്തിന്റെ ഭാര്യയും നോമിനിയുമായ എസ്.സബീനയ്ക്ക് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ വി.സജികുമാർ വീട്ടിലെത്തി കൈമാറി. ചടങ്ങിൽ ഉപദേശക സമിതി അംഗം പീരു മുഹമ്മദ്, ജീവനക്കാരായ ഷാജി, സുരേഷ് എന്നിവർ പങ്കെടുത്തു.

# മയിലിനെ കറിവെക്കുന്നതിന്റെ വീഡിയോ പോസ്റ്റ് ചെയ്തു: യൂട്യൂബർ അറസ്റ്റിൽ

ഹൈദരാബാദ്: തെലങ്കാനയിൽ മയിലിലെ കറിവെക്കുന്നതിന്റെ വീഡിയോ പോസ്റ്റ് ചെയ്ത യൂടൂബർ അറസ്റ്റിർ. കോടം പ്രണയ് കുമാർ എന്നയാളാണ് അറസ്റ്റിലായത്.

വനംവകുപ്പാണ് ഇയാളെ അറസ്റ്റ് ചെയ്തത്. യൂട്യൂബിൽ പോസ്റ്റ് ചെയ്ത വിഡിയോ നീക്കം ചെയ്യും. പരമ്പരാഗത മയിൽ കറിയെന്ന പേരിലാണ് കോഡം പ്രണയ് കുമാർ വിഡിയോ യുട്യൂബിൽ പങ്കുവച്ചത്.

വീഡിയോ വിവാദമായതിന് പിന്നാലെ ഒളിവിൽ പോയ പ്രണയ് കുമാറിനെ നീണ്ട തെരച്ചിലിന് ശേഷമാണ് തെലങ്കാന പൊലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ മയിൽ കറി വച്ച സ്ഥലവും പൊലീസ് പരിശോധിച്ചിരുന്നു.

വന്യജീവി സംരക്ഷണ നിയമം അനുസരിച്ച് ഷെഡ്യൂൾ 1 വിഭാഗത്തിലുൾപ്പെട്ട ജീവിയാണ് മയിൽ. മയിലിനെ കൊല്ലുന്നത് കുറഞ്ഞത് മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെ തടവ് ലഭിക്കാവുന്ന കുറ്റമാണ് ഇത്.

നേരത്തെ കാട്ടുപന്നിയെ കൊന്ന് കറിവയ്ക്കുന്ന വീഡിയോ ഇയാൾ പുറത്ത് വിട്ടിരുന്നതായി ആരോപണമുണ്ട്. പ്രണയ് കുമാറിനെതിരെ കേസ് എടുത്തതായും ഇത്തരം നടപടികൾ ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും സിരിസില എസ്.പി.അഖിൽ മഹാജൻ വിശദമാക്കുന്നത്.

# നാസ്കോം ഫയ:80യുടെ എഡ്ജ് എഐ സെമിനാർ ആഗസ്റ്റ് 14 ന്

തിരുവനന്തപുരം: ടെക്നോപാർക്കിലെ വിജ്ഞാന സമൂഹമായ നാസ്കോം ഫയ:80യുടെ ആഭിമുഖ്യത്തിൽ എഐ സാങ്കേതികവിദ്യയായ എഡ്ജ് എഐയെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കുന്നു.

ടെക്നോപാർക്കിലെ തേജസ്വിനി ബിൽഡിംഗിലെ ഫയ 'ഫ്ളോർ ഓഫ് മാഡ്നെസി'ൽ ആഗസ്റ്റ് 14 ന് വൈകുന്നേരം 5 നാണ് സെമിനാർ. ഫയയുടെ പ്രതിമാസ ടെക്നോളജി സെമിനാറിൻറെ 118ാം പതിപ്പാണിത്.

എഡ്ജ് എഐയുടെ ഉത്ഭവത്തെക്കുറിച്ചും അത് ഉപയോഗിച്ച് നവീകരിക്കാനുള്ള അവസരങ്ങളെക്കുറിച്ചും സെമിനാർ ആഴത്തിൽ പരിശോധിക്കും. ഇന്ത്യൻ സാഹചര്യത്തിൽ എഡ്ജ് എഐയുടെ സാധ്യതകളും പ്രസക്തിയും ചർച്ച ചെയ്യുന്നതിനും സെമിനാർ വേദിയൊരുക്കും.തിരുവനന്തപുരം ആസ്ഥാനമായ ഇന്ത്യയിലെ ആദ്യത്തെ എഐ ചിപ്പ് സ്റ്റാർട്ടപ്പായ നേത്രസെമിയുടെ സഹസ്ഥാപകനും സിഇഒയുമായ ജ്യോതിസ് ഇന്ദിരാഭായ് സെമിനാറിൽ സംസാരിക്കും. എഡ്ജ് എഐക്കായി ഉയർന്ന പ്രവർത്തനക്ഷമതയുള്ള എഐ ചിപ്സെറ്റുകളുമായാണ് നേത്രസെമി എഐ രംഗത്തേക്ക് പ്രവേശിച്ചത്.

ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിംഗ്, കോമിക്സ്, എക്സ്റ്റൻഡഡ് റിയാലിറ്റി (എവിജിസിഎക്സ് ആർ) യിൽ വർധിച്ചുവരുന്ന സാധ്യതകളെക്കുറിച്ച് ഫയയുടെ കഴിഞ്ഞ പതിപ്പ് ചർച്ചചെയ്തു.

രജിസ്ട്രേഷനായി സന്ദർശിക്കുക: https://makemypass.com/faya-port-80-edge-ai-the-next-ai-front-line

# ഐസിഫോസിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) സ്വതന്ത്രസോഫ്റ്റ്വെയർ അധിഷ്ഠിത ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. എൻനിയറിങ് വിത്ത് പൈത്തൺ, ലാടെക്ക് എന്നീ കോഴ്സുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. എൻനിയറിങ് വിത്ത് പൈത്തൺ ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 10 വരെയും ലാടെക്ക് പ്രോഗ്രാം ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 3 വരെയും ആണ് സംഘടിപ്പിക്കുന്നത്. അധ്യാപകർക്കും വിദ്യാർഥികൾക്കും പ്രൊഫഷണൽസിനും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിലുള്ള മൂഡിൽ സൗകര്യം ഉപയോഗിച്ചാണ് കോഴ്സ് ആവിഷ്കരിച്ചിരിക്കുന്നത്.

ദിവസം 2 മണിക്കുർ വീതമായിരിക്കും ക്ലാസ്. പൈത്തൺ പരിശീലനം വൈകുന്നേരം 6 മുതൽ 8 വരെയും ലാടെക് പരിശീലനം 7 മുതൽ 9 വരെയും ആയിരിക്കും. ഇൻഡസ്ട്രിയിൽ ഫലപ്രദമായി പ്രയോഗിക്കാൻ പ്രാപ്തമായ രീതിയിലാണ് കോഴ്സുകളുടെ പാഠ്യക്രമം തയ്യാറാക്കിയിരിക്കുന്നത്. പരിശീലനത്തിന് ശേഷം ഓൺലൈൻ പരീക്ഷയും പ്രോജക്ട് അവതരണവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും.

മറ്റുള്ള ഓൺലൈൻ ക്ലാസ്സുകളിൽ നിന്ന് വ്യത്യസ്തമായി, തത്സമയ വിനിമയത്തിലൂടെയാണ് ക്ലാസ്സുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. വിദ്യാർഥികൾ ഉന്നയിക്കുന്ന സംശയങ്ങൾക്ക് മറുപടി നൽകാൻ വിദഗ്ദ്ധരായ പരിശീലകരുടെ സേവനം എല്ലാ സമയത്തും ലഭ്യമായിരിക്കും. പ്രത്യേകം വൈദഗ്ധ്യം ലഭിച്ച പരിശീലകരുടെ മേൽനോട്ടത്തിലാണ് പ്രോജക്കുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്. പങ്കെടുക്കുന്നവരുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കാണ് മുൻഗണന. ആഗസ്റ്റ് 19വരെ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വേുേെ://ശരളീൈ.ശി/ ല്ലിേ എന്ന വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ രാവിലെ 10 മണി മുതൽ വൈകുന്നരം 5 മണി വരെ +91 7356610110 +91 471 2413012 / 13 / 14 +91 9400225962 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

# ഇൻസ്ട്രക്ടർ ഒഴിവ്

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കൊമേഴ്സ്യൽ പ്രാക്ടീസ് വകുപ്പിൽ ഇൻസ്ട്രക്ടർ ഇൻ എസ് പി ആൻഡ് ബി സി തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തും. താത്പര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 22 ന് രാവിലെ 10 മണിക്ക് സ്ഥാപന മേധാവി മുൻപാകെ അഭിമുഖത്തിനു ഹാജരാകണം.



വയനാട് ദുരന്ത ബാധിതർക്ക് നൽകുന്നതിനായി കൊല്ലം മാങ്കോട് സ്വദേശിനി ഹീരലാൽ 70 സെന്റ് വസ്തുവിന്റെ രേഖകൾ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA






*റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് വിഭാഗം മേധാവി ഹരിനാരായണൻ.പി, റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് സീനിയർ സ്പെഷ്യലിസ്റ്റ് ശരത് കുമാർ.എൻ എന്നിവർ മികച്ച ഡിജിറ്റൽ ഇന്നൊവേഷൻ അവാർഡ് ഏറ്റുവാങ്ങിയതിനു ശേഷം എക്സ്ചേഞ്ച് 4 മീഡിയ പ്രതിനിധികൾക്കൊപ്പം.*

# മികച്ച ഡിജിറ്റൽ ഇന്നൊവേഷൻ അവാർഡ് ടെക്നോപാർക്കിലെ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന്

തിരുവനന്തപുരം: ടെക്നോപാർക്കിലെ ആഗോള ഐടി സൊല്യൂഷൻ ദാതാവായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് എക്സ്ചേഞ്ച് 4 മീഡിയയുടെ ഈ വർഷത്തെ മികച്ച ഡിജിറ്റൽ ഇന്നൊവേഷൻ അവാർഡ്. റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിൻറെ നൂതന ഡിജിറ്റൽ മാർക്കറ്റിംഗ് രീതികൾ പരിഗണിച്ചാണ് പുരസ്കാരം.

എക്സ്ചേഞ്ച് 4 മീഡിയ വർഷം തോറും നല്കി വരുന്ന ഇന്ത്യൻ ഡിജിറ്റൽ മാർക്കറ്റിംഗ് അവാർഡുകളുടെ (ഐഡിഎംഎ) 15ാം പതിപ്പാണിത്. ഡിജിറ്റൽ മീഡിയ, ഇൻർനെറ്റിൻറെ ഉപയോഗം, മൊബൈൽ, ഗെയിമിംഗ്, സോഷ്യൽ മീഡിയ, ബ്ലോഗിംഗ് മേഖല തുടങ്ങിയ വിഭാഗങ്ങളിലാണ് എക്സ്ചേഞ്ച് 4 മീഡിയ പുരസ്കാരങ്ങൾ നല്കുന്നത്.

ഈയിടെ മുംബൈയിൽ നടന്ന ചടങ്ങിൽ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് വിഭാഗം മേധാവി ഹരിനാരായണൻ.പി, റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് സീനിയർ സ്പെഷ്യലിസ്റ്റ് ശരത് കുമാർ.എൻ എന്നിവർ പുരസ്കാരം ഏറ്റുവാങ്ങി.

ഡിജിറ്റൽ മീഡിയ മേഖലയിലെ നൂതന പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എക്സ്ചേഞ്ച് 4 മീഡിയ 2010 മുതൽ ഐഡിഎംഎ സംഘടിപ്പിച്ചു വരുന്നു.

ഇന്ത്യയിലെ ഏറ്റവും വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ തലവന്മാർ ഉൾപ്പെടുന്ന പാനൽ ഒരാഴ്ച നീണ്ട ഓൺലൈൻ സ്ക്രീനിങ്ങിന് ശേഷമാണ് റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിനെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.ഐടി മേഖലിലെ പ്രമുഖ സാങ്കേതിക ഇന്നവേഷൻ സേവന ദാതാവാണ് റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്. യുഎസ്, ഓസ്ട്രേലിയ, പശ്ചിമേഷ്യ, ബ്രസീൽ, സിംഗപ്പൂർ, കൊളംബിയ, മെക്സിക്കോ, ന്യൂസിലാൻഡ്, ഫിജി, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ ഒന്നിലധികം വ്യവസായങ്ങൾക്കായി സാങ്കേതിക പരിഹാരങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. നൂതന ഉത്പന്നങ്ങളും പരിഹാരങ്ങളും നല്കുന്നതിലും മികച്ച ഉപഭോക്തൃ കേന്ദ്രീകൃത സമീപനത്തിലും ശക്തമായ സാന്നിധ്യമാകാൻ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് സാധിക്കുന്നുണ്ടെന്നതും ശ്രദ്ധേയം.

# രണ്ടു കണ്ണിലും ഗ്ലാസ് തറച്ചിരുന്നു; വനിതാ ഡോക്ടർ നേരിട്ടത് അതിക്രൂരപീഡനമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്

കോൽക്കത്ത: ആർജി കാർ മെഡിക്കൽകോളജ് ആശുപത്രിയിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയത് ക്രൂരമായ പീഡനത്തിന് ശേഷമെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട്. മരണത്തിന് മുമ്പ് ഇരയുടെ സ്വകാര്യ ഭാഗങ്ങളിൽ മുറിവേറ്റിരുന്നു. പ്രതിരോധിക്കാനും സ്വയം സംരക്ഷിക്കാനും ശ്രമിച്ചപ്പോൾ പ്രതി ഇരയുടെ തല ചുമരിൽ ഇടിച്ചിരുന്നു. ഇരയുടെ കൈകളിലും മുഖത്തും വെട്ടേറ്റ പാടുകൾ കണ്ടെത്തി.വയറിലും കഴുത്തിലും വിരലിലുകളിലും മുറിവേറ്റിരുന്നു. സ്വകാര്യ ഭാഗങ്ങളിൽ കടുത്ത ക്ഷതവും രക്തസ്രാവവും ഉണ്ടായി. കണ്ണട പൊട്ടി രണ്ടു കണ്ണിലും ഗ്ലാസ് തറച്ചിരുന്നതായാണ് കണ്ടെത്തൽ. മരണം പുലർച്ചെ മൂന്നിനും അഞ്ചിനും ഇടയിലെന്നും റിപ്പോർട്ട് വ്യക്തമാക്കുന്നു.വെള്ളിയാഴ്ചയാണ് ട്രെയിനി ഡോക്ടറെ ആശുപത്രിയിലെ സെമിനാർ ഹാളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് സഞ്ജയ് റോയ് എന്ന സിവിൽ വോളണ്ടിയർ അറസ്റ്റിലായിരുന്നു. ശനിയാഴ്ച അറസ്റ്റ് ചെയ്ത പ്രതിയെ ഈ മാസം 23 വരെ പോലീസ് കസ്റ്റഡിയിൽ വിട്ടു.ഇയാൾ അശ്ലീലത്തിന് അടിമയാണെന്നും അത്തരത്തിലുള്ള നിരവധി ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ സൂക്ഷിച്ചിരുന്നതായും പോലീസ് പറഞ്ഞു. നേരത്തെ നാല് തവണ വിവാഹിതനായ റോയി ഭാര്യമാരെ ശാരീരികമായി ഉപദ്രവിച്ചിരുന്നതായും അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.അതിനിടെ, വനിതാ ഡോക്ടറുടെ കൊലപാതകത്തിൽ സംസ്ഥാന വ്യാപകമായി ഡോക്ടർമാർ പണിമുടക്കി പ്രതിഷേധം തുടരുകയാണ്. അന്വേഷണം ഒരാഴ്ചയ്ക്കകം പൂർത്തിയാക്കിയില്ലെങ്കിൽ കേസ് സിബിഐക്ക് കൈമാറുമെന്ന് മമത വ്യക്തമാക്കിയിട്ടുണ്ട്.

# സി. അച്യുതമേനോനെ നവകേരള ശില്പിയായി സിപിഎം അംഗീകരിക്കില്ല: ചെറിയാൻ ഫിലിപ്പ്

തിരുവനന്തപുരം: സി.അച്യുതമേനോൻ നവകേരള ശില്പിയാണെന്ന് ബിനോയ് വിശ്വം പറയുന്നതിനെ കോൺഗ്രസ് സ്വീകരിച്ചാലും സിപിഎം അംഗീകരിക്കില്ലെന്ന് കോൺഗ്രസ് മാധ്യമസമിതി അധ്യക്ഷൻ ചെറിയാൻ ഫിലിപ്പ്.

സിപിഎം പറമ്പിലെ കുടികിടപ്പുകാരായ സിപിഐക്കാർക്ക് പഴയ സുവർണകാലം അയവിറക്കാനേ കഴിയൂ. തമ്പ്രാനോട് വില പേശാൻ പഴയ കാര്യങ്ങൾ കാനത്തെ പോലെ ബിനോയിയും ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരിക്കണം.1969ൽ സി. അച്യുതമേനോനെ മുഖ്യമന്ത്രിയാക്കാൻ സാഹചര്യമൊരുക്കിയത് കോൺഗ്രസാണ്. ഇഎംഎസ് സർക്കാർ തകർന്നപ്പോൾ അഴിമതി ആരോപണത്തിന്റെ പേരിൽ എം.എൻ.ഗോവിന്ദൻ നായർ, ടി.വി.തോമസ് എന്നിവർക്കെതിരേ ജുഡീഷൽ അന്വേഷണം പ്രഖ്യാപിച്ചിരുന്നതിനാൽ അവരെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് നിർദേശിക്കാൻ കഴിഞ്ഞില്ല.

രാജ്യസഭാംഗമായിരുന്ന അച്യുതമേനോന്റെ പേര് അന്നത്തെ സിപിഐ ജനറൽ സെക്രട്ടറി സി. രാജേശ്വര റാവുവിനോട് നിർദേശിച്ചത് പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയാണ് ചെറിയാൻ ഫിലിപ്പ് പറയുന്നു.

1978 ൽ എ.കെ.ആൻറണി മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചപ്പോൾ അദ്ദേഹത്തിന്റെ മാത്രം കരുണയിലാണ് പി.കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായത്. രണ്ടു സന്ദർഭത്തിലും ഭൂരിപക്ഷ കക്ഷിയായ കോൺഗ്രസ് ത്യജിച്ചതു കൊണ്ടാണ് അച്യുതമേനോനും പി.കെ.വിയും മുഖ്യമന്ത്രിയായത്.

ഇഎംഎസ് ആണോ പിണറായി വിജയനാണോ നവകേരള ശില്പി എന്ന കാര്യത്തിൽ സിപിഎമ്മിൽ ഇപ്പോൾ തർക്കം നിലനില നിൽക്കുന്നു. ഇഎംഎസ് ആണെന്ന് എം.എ.ബേബിയും തോമസ് ഐസക്കും പറയുമ്പോൾ പിണറായി വിജയനെ നവകേരള ശില്പിയായി എം.വി. ഗോവിന്ദനും എ.കെ. ബാലനും വാഴ്ത്തുന്നുവെന്നും അദ്ദേഹം പരിഹസിച്ചു.

# ഓഗസ്റ്റ് 21ന് ദളിത് സംഘടനകളുടെ സംസ്ഥാന ഹർത്താൽ

കോട്ടയം: പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ സാമ്പത്തികമായി മുന്നാക്കം നിൽക്കുന്നവരെ വേർതിരിച്ച് സംവരണാനുകൂല്യത്തിൽ നിന്ന് ഒഴിവാക്കണമെന്ന സുപ്രീംകോടതി വിധിക്കെതിരേ സംസ്ഥാന ഹർത്താൽ നടത്തുമെന്ന് വിവിധ ആദിവാസിദളിത് സംഘടനകൾ പ്രഖ്യാപിച്ചു.ഓഗസ്റ്റ് 21നാണ് ഹർത്താൽ നിശ്ചയിച്ചിരിക്കുന്നത്. വിധിക്കെതിരേ ഭീം ആർമിയും വിവിധ ദളിത് ബഹുജന പ്രസ്ഥാനങ്ങളും പ്രഖ്യാപിച്ചിരിക്കുന്ന ഭാരത് ബന്ദിന്റെ ഭാഗമായാണ് സംസ്ഥാന ഹർത്താലും നടക്കുന്നത്. ഹർത്താലിന് എല്ലാ വിഭാഗം ജനങ്ങളും പിന്തുണ നൽകണമെന്ന് വിവിധ ദളിത് സംഘടനകൾ സംയുക്തമായി ആവശ്യപ്പെട്ടു.

സുപ്രീംകോടതി വിധി മറികടക്കാർ പാർലമെൻറ് നിയമ നിർമാണം നടത്തുക, വിദ്യാഭ്യാസ മേഖലയിൽ അടിച്ചേൽപ്പിച്ച 2.5 ലക്ഷം രൂപ വാർഷിക വരുമാനപരിധി ഉൾപ്പെടെ എല്ലാ തരം ക്രീമിലെയർ നയങ്ങളും റദ്ദാക്കുക, എസ്സി, എസ്ടി ലിസ്റ്റ് 9ാം പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുക തുടങ്ങിയവയാണ് സംഘടനകളുടെ ആവശ്യം. സമഗ്ര ജാതി സെൻസസ് ദേശീയ തലത്തിൽ നടത്തണമെന്നും വിവിധ ദളിത് സംഘടനകൾ ആവശ്യമുന്നയിച്ചു.ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വയനാട് ജില്ലയെ ഹർത്താലിൽ നിന്നും ഒഴിവാക്കുമെന്ന് ദളിത്ആദിവാസി സ്ത്രീപൗരാവകാശ കൂട്ടായ്മ ചെയർമാൻ എം. ഗീതാനന്ദൻ അറിയിച്ചു. ഹർത്താലിന് ശേഷം ദേശീയ തലത്തിൽ ഇടപെടുന്നതിന് വേണ്ടി വിവിധ സംഘടനാ നേതൃത്വത്തിൽ 24ന് എറണാകുളം അധ്യാപകഭവനിൽ ഏകദിന ശില്പശാല നടത്തുന്നുമെന്നും അദ്ദേഹം പറഞ്ഞു.ഈ മാസം ആദ്യമാണ് സുപ്രീംകോടതി ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള ഏഴംഗ ബെഞ്ച് വിഷയത്തിൽ വിധി പ്രസ്താവിച്ചത്. എസ്സി പട്ടികയിൽ ഉൾപ്പെട്ട വിഭാഗങ്ങളെ വീണ്ടും ഉപവിഭാഗങ്ങളായി തിരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അനുമതി നൽകുന്നതായിരുന്നു വിധി.പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്കുള്ളിലെ ക്രീമിലെയറിനെ തിരിച്ചറിയാനും സംവരണ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കാനും സംസ്ഥാന സർക്കാരുകൾ നയരൂപവത്കരണം നടത്തണമെന്നായിരുന്നു കോടതി ഉത്തരവ്.

# താൽക്കാലിക അധ്യാപക ഒഴിവ്

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിന്റെ നിയന്ത്രണ പരിധിയിൽ ബാലരാമപുരം തേമ്പാമുട്ടത്ത് പ്രവർത്തിക്കുന്ന ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സെന്ററിൽ ഇംഗ്ലീഷ് ആൻഡ് വർക്ക്പ്ലേസ് സ്കിൽ താത്ക്കാലിക അധ്യാപക ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തും.

താത്പര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 23 ന് രാവിലെ 10 മണിക്ക് സ്ഥാപന മേധാവി മുൻപാകെ അഭിമുഖത്തിനു ഹാജരാകണം.

# വിലങ്ങാടിന്റെ ദുഃഖവും കാണണം, പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം: മുഖ്യമന്ത്രിക്ക് നിവേദനം നൽകി പ്രതിപക്ഷനേതാവ്

കോഴിക്കോട്: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ കോഴിക്കോട്ടെ വിലങ്ങാടിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ അതേ ദിവസങ്ങളിലാണ് കോഴിക്കോട് വിലങ്ങാട്ടും ഉരുൾ പൊട്ടിയത്. വയനാടിന്റെ വിലാപത്തോട് പ്രതികരിച്ച അതേ രീതിയിൽ വിലങ്ങാടിന്റെ ദുഃഖവും നമ്മൾ കാണണമെന്നും അടിയന്തര പുനരധിവാസം ഉറപ്പുവരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.പുറത്തറിഞ്ഞതിനേക്കാൾ വലിയ ദുരന്തമാണ് വിലങ്ങാട് സംഭവിച്ചത്. അതിന്റെ ആഴവും വ്യാപ്തിയും വളരെ വലുതാണ്. 24 ഉരുൾപൊട്ടലുകൾ ഉണ്ടായെന്നാണ് സർക്കാരിന്റെ ഔദ്യോഗിക കണക്ക്. 40 ഉരുൾപൊട്ടൽ എങ്കിലും ഉണ്ടായിട്ടുണ്ടെന്നാണ് നാട്ടുകാർ പറയുന്നത്. നിരവധി വീടുകൾ തകർന്നു. ഫലപ്രദമായ ഒരു വിലങ്ങാട് പാക്കേജ് പ്രഖ്യാപിക്കേണ്ടത് അനിവാര്യമാണ്. പൂർണമായും തകർന്ന 21 വീടുകൾക്കും വാസയോഗ്യമല്ലാതെയായി പോയ 150 വീടുകൾക്കും പകരം വീടുകൾ നിർമിച്ചു നൽകണമെന്നും നിവേദനത്തിൽ പറയുന്നു.

അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ സതീശൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. നാശനഷ്ടങ്ങളെ സംബന്ധിച്ച് വാണിമേൽ പഞ്ചായത്ത് തയാറാക്കിയ വിശദമായ റിപ്പോർട്ടും മുഖ്യമന്ത്രിക്കു കൈമാറി.

വിലങ്ങാട് 21 വീടുകൾ പൂർണമായി തകർന്നു. 150ൽ അധികം വീടുകൾ വാസയോഗ്യമല്ലാതായി. ഇവർക്ക് പുതിയ വീടുകൾ നൽകി പുനരധിവാസം ഉറപ്പാക്കണം. ദുരന്ത ബാധിതർക്ക് അടിയന്തര സഹായം നൽകണം. കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകണം. ദുരന്ത മേഖലയിലെ കർഷകർ എടുത്ത കാർഷിക ലോണുകൾ എഴുതിത്തള്ളാൻ നടപടി സ്വീകരിക്കണം. തേക്ക് കർഷകരുടെ നഷ്ടവും നികത്തണം. ഏഴു പാലങ്ങൾ ഒലിച്ചുപോയി, നിരവധി റോഡുകൾ തകർന്നു.

ഇവ അടിയന്തരമായി പുനർനിർമിക്കണം. വിലങ്ങാട് അങ്ങാടിയിലെ ദുർബലമായ പാലം കൂടി അടിയന്തരമായി പുനർനിർമിക്കണമെന്നും നിവേദനത്തിൽ പറയുന്നു.

# ചൂരൽമലയിൽ വീണ്ടും കനത്ത മഴ; താത്കാലിക പാലം വെള്ളത്തിൽ മുങ്ങി

വയനാട്: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ ചൂരൽമലയിൽ വീണ്ടും കനത്ത മഴ. താൽക്കാലികമായി നിർമിച്ച പാലം വെള്ളത്തിൽ മുങ്ങി. തുടർച്ചയായി രണ്ട് മണിക്കൂർ മഴ പെയ്തതാണ് പുഴയിൽ വെള്ളം ഉയരാൻ കാരണമായത്.

കുത്തൊഴുക്കിൽ താൽക്കാലികമായി നിർമിച്ച പാലത്തിൽ ഒരു പശു കുടുങ്ങിക്കിടക്കുകയായിരുന്നു.തുടർന്ന് ഫയർഫോഴ്സ് സംഘം എത്തിയാണ് പശുവിനെ കരയ്ക്കെത്തിച്ചത്.

പശുവിന്റെ കഴുത്തിലെ കയർ പാലത്തിൽ കുടുങ്ങിയതാണ് പശു വെള്ളത്തിൽ അകപ്പെടാൻ കാരണം. യന്ത്രങ്ങൾ എത്തിച്ച് പാലത്തിന്റെ ഒരു വശം മുറിച്ചുമാറ്റിയാണ് പശുവിനെ കരയ്ക്കെത്തിച്ചത്.

കരയ്ക്കെത്തിച്ച പശു അവശനിലയിലാണ്. മൃഗസംരക്ഷണ വകുപ്പ് ജീവനക്കാരെത്തി തുടർ നടപടികൾ സ്വീകരിക്കുമെന്നാണ് വിവരം. പ്രദേശത്ത് ഇപ്പോഴും മഴ തുടരുകയാണ്.

# സ്ത്രീധന വിമുക്ത കേരളത്തിനായി സെമിനാർ 17ന്

കേരള യുവജന കമ്മിഷന്റെ സഹകരണത്തോടെ കേരള വനിതാ കമ്മിഷൻ സംഘടിപ്പിക്കുന്ന 'സ്ത്രീധന വിമുക്ത കേരളത്തിനായി' സംസ്ഥാനതല സെമിനാർ ആഗസ്റ്റ് 17 ശനിയാഴ്ച നടക്കും. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ രാവിലെ 10ന് നടക്കുന്ന സെമിനാർ കേരള വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി ഉദ്ഘാടനം ചെയ്യും.

കേരള യുവജന കമ്മിഷൻ പ്രസിഡന്റ് അഡ്വ. എം ഷാജറിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മേയർ ആര്യാ രാജേന്ദ്രൻ മുഖ്യാതിഥിയാവും. സ്ത്രീധനമെന്ന മഹാവിപത്തിന്റെ ദുരനുഭവം നേരിടേണ്ടിവന്നവർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കും. ത്രിവിക്രമൻ നായർ, വനിതാ കമ്മിഷൻ അംഗങ്ങളായ അഡ്വ. എലിസബത്ത് മാമ്മൻ മത്തായി, വി. ആർ. മഹിളാമണി, അഡ്വ: കുഞ്ഞായിഷ, വനിതാ കമ്മിഷൻ ഡയറക്ടർ ഷാജി സുഗുണൻ, ജില്ലാ വനിതാ ശിശുവികസന ഓഫീസർ കവിതാ റാണി രഞ്ജിത്, വനിതാ കമ്മിഷൻ പ്രൊജക്ട് ഓഫീസർ എൻ. ദിവ്യ, വനിതാ സംരക്ഷണ ഓഫീസർ ജീജ എന്നിവർ സംസാരിക്കും.

സഖി വിമൺസ് റിസോഴ്സ് സെന്റർ സെക്രട്ടറി അഡ്വ. ജെ. സന്ധ്യ വിഷയം അവതരിപ്പിക്കും. വനിതാ കമ്മിഷൻ അംഗം അഡ്വ. ഇന്ദിരാ രവീന്ദ്രൻ സ്വാഗതവും മെമ്പർ സെക്രട്ടറി സോണിയ വാഷിംഗ്ടൺ നന്ദിയും പറയും.



മലപ്പുറം തിരൂർ ചെമ്പ്ര എ.എൻ. യു.പി. സ്കൂളിലെ കുട്ടികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കായി രണ്ടു ദിവസം കൊണ്ട് സ്വരൂപിച്ച 53,515 രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു